## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 927** **09-10-2024 - ൽ മറുപടിയ്ക്ക്**

## മലപ്പുറം ഹാജിയാർപള്ളിയിലെ വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിലെ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം നിയോജകമണ്ഡലത്തിൽ വനം വകുപ്പിന്റെ അധീനതയിലുള്ള ഹാജിയാർ പള്ളിയിലെ ഒരു ഹെക്ടർ ഭൂമിയിൽ സാമൂഹ്യ വനവൽക്കരണ വിഭാഗം ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടും നടപ്പാക്കാത്തതിന്റെ കാലതാമസം എന്താണെന്ന് വിശദമാക്കുമോ; | (എ) | ചിത്രശലഭ ഉദ്യാനം, ജൈവ വൈവിധ്യ പാർക്ക് തുടങ്ങിയവ സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് സാമൂഹ്യ വനവൽക്കരണ വിഭാഗം ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന 'കൽപ്പതരു' എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. മലപ്പുറം നിയോജകമണ്ഡലത്തിൽ വനം വകുപ്പിന്റെ അധീനതയിലുള്ള ഹാജിയാർ പള്ളിയിലെ ഒരു ഹെക്ടർ ഭൂമി, ചിത്രശലഭ ഉദ്യാനം,ബാംബൂസെറ്റം,ജൈവ വൈവിധ്യ പാർക്ക് എന്നിവയ്ക്കായി കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളിൽ ഉൾപ്പെടുന്നു.<br><br>മേൽപ്പറഞ്ഞ പ്രവൃത്തികൾ, കേന്ദ്രസർക്കാരിന്റെ "നഗരവാടിക" എന്ന പദ്ധതിയിൽക്കൂടി ഉൾപ്പെടുത്തി പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി അംഗീകാരത്തിനായുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.<br><br>നിലവിൽ ഇതിലേക്കായി ഫണ്ട് ലഭ്യമല്ല. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് പദ്ധതികൾ നടപ്പിലാക്കുവാൻ സാധിക്കും. |
| (ബി) | പ്രസ്തുത സൈറ്റിൽ ബട്ടർഫ്ലൈ പാർക്ക്, ഇക്കോപാർക്ക് എന്നിവ സ്ഥാപിക്കുന്നതിന് രണ്ട് ലക്ഷം രൂപ വീതവും ബാംബൂസെറ്റം നിർമിക്കുന്നതിന് ഒരു ലക്ഷം രൂപയും വകയിരുത്തിയിട്ടും പ്രസ്തുത പദ്ധതികൾ ആരംഭിക്കാൻ സാധിക്കാത്ത തരത്തിൽ വനം വകുപ്പിൽ ഫണ്ടിന്റെ അപര്യാപ്തതയുണ്ടോയെന്ന് വിശദമാക്കുമോ; | (ബി) | ചിത്രശലഭ ഉദ്യാനം, ജൈവ വൈവിധ്യ പാർക്ക് തുടങ്ങിയവ സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് സാമൂഹ്യ വനവൽക്കരണ വിഭാഗം ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന 'കൽപ്പതരു' എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. മലപ്പുറം നിയോജകമണ്ഡലത്തിൽ വനം വകുപ്പിന്റെ അധീനതയിലുള്ള ഹാജിയാർ പള്ളിയിലെ ഒരു ഹെക്ടർ ഭൂമി, ചിത്രശലഭ ഉദ്യാനം,ബാംബൂസെറ്റം,ജൈവ വൈവിധ്യ പാർക്ക് എന്നിവയ്ക്കായി കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളിൽ ഉൾപ്പെടുന്നു. |

| | | | |
|---|---|---|---|
| | | | മേൽപ്പറഞ്ഞ പ്രവൃത്തികൾ, കേന്ദ്രസർക്കാരിന്റെ “നഗരവാടിക” എന്ന പദ്ധതിയിൽക്കൂടി ഉൾപ്പെടുത്തി പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി അംഗീകാരത്തിനായുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.<br><br>നിലവിൽ ഇതിലേക്കായി ഫണ്ട് ലഭ്യമല്ല. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് പദ്ധതികൾ നടപ്പിലാക്കുവാൻ സാധിക്കും. |
| (സി) | ദീർഘ നാളായി ആവശ്യപ്പെടുന്ന പദ്ധതിയെന്ന പരിഗണനയിൽ എത്രയും വേഗം പദ്ധതികൾ യാഥാർത്ഥ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ചിത്രശലഭ ഉദ്യാനം, ജൈവ വൈവിധ്യ പാർക്ക് തുടങ്ങിയവ സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് സാമൂഹ്യ വനവൽക്കരണ വിഭാഗം ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന 'കൽപ്പതരു' എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. മലപ്പുറം നിയോജകമണ്ഡലത്തിൽ വനം വകുപ്പിന്റെ അധീനതയിലുള്ള ഹാജിയാർ പള്ളിയിലെ ഒരു ഹെക്ടർ ഭൂമി, ചിത്രശലഭ ഉദ്യാനം,ബാംബൂസെറ്റം,ജൈവ വൈവിധ്യ പാർക്ക് എന്നിവയ്ക്കായി കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളിൽ ഉൾപ്പെടുന്നു.<br><br>മേൽപ്പറഞ്ഞ പ്രവൃത്തികൾ, കേന്ദ്രസർക്കാരിന്റെ “നഗരവാടിക” എന്ന പദ്ധതിയിൽക്കൂടി ഉൾപ്പെടുത്തി പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി അംഗീകാരത്തിനായുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.<br><br>നിലവിൽ ഇതിലേക്കായി ഫണ്ട് ലഭ്യമല്ല. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് പദ്ധതികൾ നടപ്പിലാക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ